<u>ഭരണഭാഷ-മാതൃഭാഷ</u>

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001**
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/5900/2025-G2 **തിയ്യതി: 11-07-2025**

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

ബഹു.പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : തസ്വഭവ – ജോയിന്റ് ഡയറക്ടറുടെ കാര്യാലയം – കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ തടുക്കശ്ശേരിയിൽ KPBR-2019 ചട്ടലംഘനം നടത്തി പ്രവർത്തിക്കുന്ന നായംപാടം ഗ്രാനൈറ്റ്സിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1).അങ്ങയുടെ കാര്യായത്തിലെ 04.07.2025, 25.06.2025 തീയതികളിലെ LSGD/PD/20987/2025-REV3 നമ്പർ കത്ത്.

2)ശ്രീ.സാജൻ മാത്യു S/O.മാത്യു വർഗ്ഗീസ്,തടുക്കശ്ശേരി,കേരളശ്ശേരി (കൺവീനർ, വെണ്ണടി ആക്ഷൻ കൗൺസിൽ) സമർപ്പിച്ച വിവിധ തീയതികളിലെ പരാതികൾ

3)07.07.2025 തീയതിയിൽ ഈ കാര്യാലയത്തിൽ വെച്ച് നടന്ന ഹിയറിംഗിന്റെ നടപടിക്രമം

4)സംയുക്ത പരിശോധന സംബന്ധിച്ച മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള 26.03.2025 തീയതിയിലെ DOPAL-DMG/942-M നമ്പർ കത്ത്.

5)3.02.2025 തീയതിയിലെ കേരളശ്ശേരി വില്ലേജ് ഓഫീസറുടെ 14/2025 നമ്പർ കത്ത്

6)കേരളശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2025 തീയതിയിലെ റിപ്പോർട്ട്

7)28.05.2025 തീയതിയിലെ തസ്വഭവ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്

8)തസ്വഭവ അസി.ഡയറക്ടർ ആനന്ദ് എസ് കുമാർ (KAS) എന്നവരുടെ 22.05.2025 തീയതിയിലെ അന്വേഷണ റിപ്പോർട്ട്

9)ബഹു.ട്രിബ്യൂണലിന്റെ 30.01.2025 ലെ ഉത്തരവ് I.A No.1/2025 in Revision Petition No.06/2025

10) ബഹു.ഹൈക്കോടതിയുടെ വിധിന്യായം (WP(C).No.38826/2023 & WP(C).No.26305/2024 dated 20.11.2024)

11) ബഹു.ഹൈക്കോടതിയുടെ വിധിന്യായം (WP(C).No.5283/2025) dated 06.03.2025)

12) ബഹു.ഹൈക്കോടതിയുടെ വിധിന്യായം (WP(C).No.20823/2023 dated 18.10.2023)

13) ബഹു.ഹൈക്കോടതിയിലെ കേസ് WP(C).No.7222/2025

14) ബഹു.ഹൈക്കോടതിയിലെ കേസ് WP(C).No.9217/2025

*********************

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ തടുക്കശ്ശേരിയിൽ KPBR-2019 ചട്ടലംഘനം നടത്തി പ്രവർത്തിക്കുന്ന നായംപാടം ഗ്രാനൈറ്റ്സിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. 07.07.2025 ന് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരാതിക്കാരെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തുകയുമുണ്ടായി.

<u>പരാതിക്കാരന്റെ ആരോപണം</u>

നായംപാടം ഗ്രാനൈറ്റ്സ് എന്ന കരിങ്കൽ ക്വാറി ചട്ടലംഘനം നടത്തിയാണ് പ്രവർത്തിക്കുന്നത്. Explosive ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനം പാലിക്കേണ്ട KPBR-2019 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. Hazardous(ഗ്രൂപ്പ്-I) കാറ്റഗറിയിലുള്ള കെട്ടിടങ്ങളുള്ള വ്യാവസായ യൂണിറ്റിലേക്ക് 7 മീറ്റർ വഴി ഉണ്ടാവേണ്ടത് പാലിച്ചിട്ടില്ല (ശരാശരി റോഡ് വീതി 4 മീറ്റർ). മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലൈസൻസ് പ്രകാരം നായംപാടം ഗ്രാനൈറ്റ്സ് റെഡ് കാറ്റഗറിയിൽപ്പെടുന്നതിനാൽ Hazardous(ഗ്രൂപ്പ്-I) വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. Explosive ഉപയോഗിച്ച് ക്വാറിയിംഗ് പ്രവർത്തനം നടത്തുന്ന ടി ക്വാറിയ്ക്ക് അതിനാവശ്യമായ സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളോ സൗകര്യങ്ങളോ ഇല്ലാതെ കൊണ്ടുവരുന്ന വാഹനത്തിൽ തന്നെ ദിവസങ്ങളോളം സൂക്ഷിക്കുന്നത് അപകടകരവും ചട്ടലംഘനവുമാണ്. ക്വാറിയിലെ ഭീകരമായ സ്ഫോടനം മൂലം നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്ത് സെക്രട്ടറിക്കെതിരെ കർശന നടപടി സ്വീകരിക്കണം.

<u>ക്വാറി നടത്തിപ്പുകാരന്റെ വാദം</u>

പരാതിയിൽ പറയുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. മഗസിൻ രാവിലെ വാനുപയോഗിച്ച് Explosive ക്വാറിയിലേക്ക് ഉപയോഗത്തിനായി കൊണ്ടുവരുകയും ഉപയോഗത്തിന് ശേഷം ബാലൻസ് തിരിച്ച് മുണ്ടൂരിലുള്ള മഗസിൻ സൂക്ഷിപ്പ് കേന്ദ്രത്തിലേക്ക് കൊണ്ടുവരുകയുമാണ് ചെയ്യാറുള്ളത്. മഗസിൻ സൂക്ഷിപ്പ് കേന്ദ്രത്തിനും വാഹനത്തിനും PESO ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ ക്വാറികൾ Hazardous കാറ്റഗറിയിൽ ഉൾപ്പെടാത്തതിനാൽ 7 മീറ്റർ വീതി നിർബന്ധമില്ലാത്തതാണ്. സാമ്പത്തിക താൽപര്യം മുൻനിർത്തിയാണ് ടിയാൻ നിരന്തരം അടിസ്ഥാനരഹിതമായ പരാതികൾ ഉന്നയിച്ച് ബുദ്ധിമുട്ടിക്കുന്നത്. നിയമപരമായി സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിതരണം.

<u>സെക്രട്ടറിയുടെ മറുപടി</u>

നായംപാടം ക്വാറിക്ക് ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നത് ബഹു.ഹൈക്കോടതിയുടെ WPC(38826/2023) വിധിയുടെ അടിസ്ഥാനത്തിലാണ്. ക്വാറി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്ന് 100 മീറ്റർ ദൂര പരിധിയ്ക്ക് പുറത്താണ് വീടുകൾ സ്ഥിതി ചെയ്യുന്നത്. ക്വാറിയിൽ മറ്റ് വലിയ യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചുള്ള stone crushing പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ക്വാറിയിൽ ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്ന വാണിജ്യ ഗണത്തിലുൾപ്പെടുത്തിയിട്ടുള്ള 12/437 നമ്പർ കെട്ടിടം മാത്രമാണുള്ളത്. Explosives ഒന്നുംതന്നെ ടി കെട്ടിടത്തിൽ സൂക്ഷിക്കുന്നില്ല. ക്വാറിയുടെ മഗസിൻ സൂക്ഷിക്കുന്നത് മുണ്ടൂർ-1 വില്ലേജ് പരിധിയിലാണ് (സർവ്വേ നം.429/1). ക്വാറിയുമായി ബന്ധപ്പെട്ട് നിലവിൽ WPC(7222/2025, WPC(9217/2025) എന്നീ കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ചട്ട പ്രകാരം ആവശ്യമായ എല്ലാരേഖകളും സമർപ്പിച്ചതിന്റെയും കോടതി വിധിയുടെയും അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പരാതിക്കാരൻ ടി ക്വാറിയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ബുദ്ധിമുട്ട്

ഉണ്ടാക്കുന്ന വിധത്തിൽ അടിസ്ഥാന രഹിതമായ നിരവധി പരാതികൾ (പഞ്ചായത്തിന്റെ അധികാര പരിധിയ്ക്ക് പുറത്തുള്ളവ ഉൾപ്പെടെ) നിരന്തരം സമർപ്പിക്കുന്നുണ്ട്.

**<u>മേൽപ്പറഞ്ഞ മൊഴികളുടെയും രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലുള്ള അന്വേഷണ റിപ്പോർട്ട് ചുവടെചേർക്കുന്നു</u>**

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഡോ.അബ്രഹാം സെബാസ്റ്റ്യൻ എന്നവരുടെ ഉടമസ്ഥതയിലുള്ള നായംപാടം ഗ്രാനൈറ്റ്സ് (Re.Sy No.85/2, 86/1, 86/2, 0.9941 Ha in Keralassery Village) എന്ന കരിങ്കൽ ക്വാറി KPBR-2019 ചട്ടലംഘനം ഉൾപ്പെടെ നടത്തിയാണ് പ്രവർത്തിക്കുന്നത് എന്നാണ് വെണ്ണടി ആക്ഷൻ കൗൺസിൽ കൺവീനർ സാജൻ മാത്യൂ എന്നവർ പരാതിപ്പെട്ടിട്ടുള്ളത്

രേഖകൾ പരിശോധിച്ചത് പ്രകാരം 30.11.2022 തീയതിയിൽ ക്വാറി ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും താഴെപറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 2022-23 വർഷം ക്വാറിയ്ക്ക് ലൈസൻസ് അനുവദിച്ചുവെങ്കിലും ക്വാറി പ്രവർത്തിച്ചിട്ടില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി (NO-DOP/1100/2018/A1 DT-10/05/2018 )
2. സ്ഥലമുടമയുടെ സമ്മതപത്രം
3. പാലക്കാട് തഹസീൽദാരുടെ സർവ്വെ പ്ലാൻ
4. Petroleum & Explosive Safety Organisation (PESO) License copy ( NO-E/SC/KL/22/876(E39224) DT-6/09/2022)
5. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി & State Environment Impact Assessment Authority യിൽ നിന്നുള്ള അനുമതി (NO- EC22D001KL148623 DT-23/08/2022 )
6. 23.08.2022 തീയതിയിലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി (NO-KSPCB/PL/ICO/10012445/2022 DT-23/11/2022)
7. GST Certificate
8. 23.12.2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം

2023-24 വർഷം ലൈസൻസ് പുതുക്കി നൽകുന്നതിന് നായംപാടം ഗ്രാനൈറ്റ്സ് ഉടമ ഡോ.അബ്രഹാം സെബാസ്റ്റ്യൻ അപേക്ഷ സമർപ്പിക്കുകയും 10,000 രൂപ ഫീസ് അടവാക്കുകയും ചെയ്തിട്ടുള്ളതാണ്. വെണ്ണടി നിവാസികളുടെ പരാതിയെ തുടർന്ന് പരാതിക്കാരെയും ക്വാറിയുടമയെയും സെക്രട്ടറി ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് നേരിൽ കേൾക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിലേക്കും മൈനിംഗ് & ജിയോളജി വകുപ്പിലേക്കും സംയുക്ത പരിശോധന നടത്താൻ കത്ത് നൽകുകയും ചെയ്തിരുന്നു. പരിശോധന റിപ്പോർട്ടിന് ശേഷം ലൈസൻസ് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അപേക്ഷകനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 18.10.2023 ലെ WP(C)No.20823/2023 വിധിയ്ക്ക് അനുസൃതമായി 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചെങ്കിലും ക്വാറി പ്രവർത്തിച്ചിട്ടില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈസൻസ് അനുവദിച്ചതിനെ തുടർന്ന് സമീപവാസികൾ ചേർന്ന് ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ക്വാറി പ്രവർത്തിക്കുന്നതിന് അനുമതി നൽകരുതെന്ന് ബഹു.ഹൈക്കോടതി മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ് WP(C)38826/2023.

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് പുതുക്കുന്നതിന് ഡോ.എബ്രഹാം സെബാസ്റ്റ്യൻ അപേക്ഷ സമർപ്പിച്ചതിൽ ക്വാറി ലൈസൻസ് നൽകുന്നതിനെതിരെയുള്ള പരാതി ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ കോടതി വിധിയ്ക്ക് അനുസൃതമായി മാത്രമേ ലൈസൻസ് പുതുക്കി നൽകുവാൻ കഴിയൂവെന്ന് അപേക്ഷകനെ അറിയിച്ചതിനെ തുടർന്ന് ക്വാറി ഉടമ ബഹു.ഹൈക്കോടതിയെ സമീപിച്ചു. ബഹു.ഹൈക്കോടതിയുടെ 20.11.2024 തീയതിയിലെ WP(C)26305/2024 വിധിയ്ക്ക് വിധേയമായി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്.

2025 ജനുവരി മാസം മുതൽ ക്വാറി പ്രവർത്തിച്ചതിനെത്തുടർന്ന് പൊടി ശല്യം കാരണം സമീപവാസികൾക്ക് ആരോഗ്യ പ്രശ്നം ഉണ്ടാകുന്നുവെന്നും സമീപത്തെ വീടുകൾക്ക് വിള്ളൽ സംഭവിക്കുന്നുവെന്നും കാണിച്ച് പൊതുജനങ്ങൾ പ്രസിഡണ്ടിന് പരാതി നൽകുകയും ക്വാറി ലൈസൻസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് താല്ക്കാലികമായി സ്റ്റേ ചെയ്യുകയും ടി സ്റ്റേ ഉത്തരവ് 22.01.2025 ലെ 3(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ക്വാറി ഉടമ ബഹു.ട്രിബ്യൂണലിനെ സമീപിക്കുകയും 30.01.2025 തീയതിയിലെ തസ്വഭവ വകുപ്പുകൾക്കായുള്ള ട്രബ്യൂണലിന്റെ ഉത്തരവ് പ്രകാരം ക്വാറി ലൈസൻസിന്റെ സ്റ്റേ ഒഴിവാക്കി പ്രവർത്താനുമതി നൽകുകയും ചെയ്തു.

ക്വാറിയുടെ പ്രവർത്തനം ജീവനും സ്വത്തിനും ഭീഷണിയാണെന്ന് കാണിച്ച് തുടർന്നും ധാരാളം പരാതികൾ ലഭിക്കുകയും ടി പരാതി പരിഹരിക്കുന്നതിനായി 1.ഗ്രാമപഞ്ചായത്ത് സെക്രട്ടറി, 2.ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ് 3. എൻവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്, 4.വില്ലേജ് ഓഫീസർ, തുടങ്ങിയവരുടെ സംയുക്ത പരിശോധന നടത്തുകയുണ്ടായി. വീടുകൾ നിലവിലെ ചട്ടപ്രകാരമുള്ള 50 മീറ്റർ ദൂരപരിധിയ്ക്ക് പുറത്താണ് സ്ഥിതിചെയ്യുന്നതെന്ന് (ഏറ്റവും ചുരുങ്ങിയ ദൂരം- ചാത്തു, വെണ്ണടി 100 മീറ്റർ) ജിയോളജി വകുപ്പിന്റെ 26.03.2025 ലെ സംയുക്ത പരിശോധന റിപ്പോർട്ടിൽ കാണുന്നു. എന്നിരുന്നാലും വീടുകൾ പരിശോധിച്ചതിൽ വിള്ളലുകളും പൊട്ടലുകളും കാണപ്പെട്ടുവെന്ന് റിപ്പോർട്ടിൽ കാണുന്നു.

ശ്രീ.പി.ബി.സുനിൽകുമാർ എന്നയാൾ ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ പരാതിയിന്മേൽ ഈ ഓഫീസിലെ അസി.ഡയറക്ടറായ ആനന്ദ് എസ് കുമാർ കെ.എ.എസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ.പി.ബി.സുനിൽകുമാർ, ശ്രീ.ശിവകുമാർ, ശ്രീമതി.ശാന്തകുമാരി എന്നിവരുടെ വീടുകളിൽ വിള്ളലുകൾ രൂപപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി വിള്ളലുകൾ ക്വാറിയുടെ പ്രവർത്തനം മൂലമാണെന്ന് കണ്ടെത്താൻ കൂടുതൽ പരിശോധനകൾ ആവശ്യമാണെന്നും അതിനാവശ്യമായ സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്ന് കേരളശ്ശേരി ഗ്രാമപഞ്ചായത്ത് അസി.എൻജിനീയർ വ്യക്തമാക്കിയിട്ടുള്ളതായി മേൽ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുമുണ്ട്.

നിലവിൽ ക്വാറിയുമായി ബന്ധപ്പെട്ട് WP(C)No.7222/2025, WP(C)No.9217/2025 എന്നീ കേസുകൾ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## <u>പ്രധാന കണ്ടെത്തലുകൾ</u>

നായംപാടം ഗ്രാനൈറ്റ്സിന്റെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറി Explosives ഉപയോഗിച്ച് സ്ഫോടനങ്ങൾ നടത്തിയാണ് പ്രവർത്തിക്കുന്നത്. ഒക്കുപ്പൻസി ഐ കാറ്റഗറിയിൽ പെടുന്ന കെട്ടിടങ്ങൾക്കെല്ലാം ഏഴ് മീറ്റർ ആക്സസ് വിഡ്ത് കെ പി ബി ആർ ചട്ടം 28 പ്രകാരം ആവശ്യമാണ്. നിലവിൽ നായംപാടം ഗ്രാനൈറ്റ് എന്ന ഈ ക്വാറിക്ക് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത് പോലെ ഏഴ് മീറ്റർ ആക്സസ് വീതിയുള്ളതായി രേഖകളിൽ കാണുന്നില്ല. എന്നാൽ ക്വാറികൾ കെ പി ബി ആർ ചട്ടം 25 പ്രകാരം ഗ്രൂപ്പ് ഐ ഗണത്തിൽ ഉൾപ്പെടുന്നില്ല. കൂടാതെ ടി ക്വാറിയിൽ ഓഫീസ് ആവശ്യത്തിനുള്ള വാണിജ്യഗണത്തിൽപ്പെടുന്ന ഒരു കെട്ടിടം മാത്രമാണ് ഉള്ളത്. എക്സ്പ്ലോസീവ്(Explosive) ഉപയോഗിച്ച് പാറ പൊട്ടിക്കുന്ന, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റെഡ് കാറ്റഗറിയിൽ ഉൾപെടുത്തിയിട്ടുള്ള ക്വാറികൾ ഗ്രൂപ്പ് I ഗണത്തിൽ ഉൾപ്പെടുന്നതായി നിലവിലുള്ള കെ പി ബി ആർ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടില്ല.

ജിയോളജി വകുപ്പിന്റെ 26.03.2025 ലെ സംയുക്ത പരിശോധന റിപ്പോർട്ടിൽ വീടുകൾ നിലവിലെ ചട്ടപ്രകാരമുള്ള 50 മീറ്റർ ദൂരപരിധിയ്ക്ക് പുറമെയാണ് സ്ഥിതിചെയ്യുന്നതെന്ന് (ഏറ്റവു ചുരുങ്ങിയ ദൂരം- ചാത്തു, വെണ്ണടി 100 മീറ്റർ) കാണുന്നു. കൂടാതെ ക്വാറിയിൽ Explosive ഒന്നുംതന്നെ സൂക്ഷിക്കുന്നില്ലെന്നും, ക്വാറിയുടെ മഗസിൻ സൂക്ഷിക്കുന്നത് മുണ്ടൂർ-1 വില്ലേജ് പരിധിയിലാണെന്നും (സർവ്വേ നം.429/1) കാണുന്നു. വാഹനത്തിൽ സ്ഫോടകവസ്തുക്കൾ ദിവസങ്ങളോളം സൂക്ഷിക്കുന്നുവെന്ന പരാതി PESO യുടെ പരിശോധന/പരിഗണനയ്ക്ക് വിടേണ്ട വിഷയമാണെന്ന് ബോധിപ്പിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡ്, PESO, SEIAA, മൈനിംഗ് & ജിയോളജി വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ഹാജരാക്കിയതിന്റെയും ചട്ട പ്രകാരം ആവശ്യമായതുമായ എല്ലാരേഖകളും (കിലയുടെ ഹാൻഡ് ബുക്ക് പ്രകാരമുള്ളതുൾപ്പെടെ) സമർപ്പിച്ചതിന്റെയും കോടതി വിധിയുടെയും അടിസ്ഥാനത്തിലാണ് സെക്രട്ടറി ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ടി വിഷയം സംബന്ധിച്ച് നിരവധി പരാതികൾ (നേരിട്ട്, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ, ജില്ലാ

കളക്ടർ-മുഖേന) ഈ കാര്യാലത്തിൽ ലഭിച്ചിട്ടുണ്ട്. ടി പരാതികളെല്ലാംതന്നെ ഗൗരവത്തിലെടുത്തിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും പരാതിക്കാരന് മറുപടി നൽകിയിട്ടുള്ളതും/തുടർനടപടി സ്വീകരിച്ച് വരുന്നതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Saji Thomas
Date: 11-07-2025 16:37:05

SAJI THOMAS
DEPUTY DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്